LIBRARY ARCHIVES Kerala Legislative Assembly

എൻഫോഴ്സ്മെന്റ് വിംഗിന്റെ ചുമതലകൾ

328 (3840) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ പ്രവർത്തിക്കുന്ന എൻഫോഴ്സ്മെന്റ് വിംഗിന്റെ ചുമതലകൾ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടോർ വാഹനങ്ങളിലെ ശബ്ദ പരിധിയുടെ കാര്യത്തിൽ നിയമ ലംഘനം നടത്തിയ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇത്തരം എത്ര പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ)

1. മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.
2. ദേശീയ പാതകളിലെയും അപകട സാധ്യത കൂടിയ സ്ഥലങ്ങളിലെയും വാഹന പരിശോധനകൾക്ക് പ്രത്യേക ഊന്നൽ നൽകുക.
3. വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുക.
4. ജി ഫോറത്തിൽ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ സർവ്വീസ് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തി ഇടക്കാല റിപ്പോർട്ട് നൽകുക.
5. പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി സർവ്വീസ് നടത്തുന്ന സംസ്ഥാനത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യുക.
6. പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി ഇന്റർസ്റ്റേറ്റ് ആയി സർവ്വീസ് നടത്തുന്ന വാഹനങ്ങൾ പിടിച്ചെടുക്കുകയും നികുതി ഈടാക്കുകയും ചെയ്യുക.
7. അമിതഭാരം കയറ്റിയ വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുക.

(ബി) 39502.

(സി) 29964 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികളിൽ വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിനെ ചാലക്കുടി ജോയിന്റ് ആർ.ടി.ഒ.യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നത്.

329 (3841) ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആളൂർ ഗ്രാമപഞ്ചായത്തിനെ ചാലക്കുടി ജോയിന്റ് ആർ.ടി.ഒ.യുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി ആളൂർ പഞ്ചായത്തിലെ ഓട്ടോ-ടാക്സി യൂണിയൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഗതാഗത കമ്മീഷണറുടെ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാവുന്നതാണ്.

നിരീക്ഷണ ക്യാമറ സ്ഥാപിക്കാൻ നടപടി

330 (3842) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കോഴിക്കോട് നാഷണൽ ഹൈവേയിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന മൂരാട് പാലത്തിനും കോരപ്പുഴ പാലത്തിനും ഇടയിലുള്ള വെക്കളം, പൊയിൽക്കാവ്, നന്ദി, ഭരയന്നിക്കാട് പ്രദേശങ്ങളിൽ വാഹനാപകടം വർദ്ധിച്ചുവരുന്നതും നിരവധി പേർ മരിക്കുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നാഷണൽ ഹൈവേയിലെ പ്രസ്തുത പ്രദേശങ്ങളിൽ വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് കോഴിക്കോട് ബൈപ്പാസ്സിൽ സ്ഥാപിച്ച മാതൃകയിൽ നിരീക്ഷണ ക്യാമറയും മറ്റ് സംവിധാനങ്ങളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) കൊയിലാണ്ടി നഗരത്തിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly